**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1570** **12-02-2025 - ൽ മറുപടിയ്ക്ക്**

**വലിയ തമ്പുരാൻ കോവിലകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ആലുവ കാഞ്ഞൂർ പഞ്ചായത്തിലെ വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ കിഴക്കുംഭാഗം വില്ലേജിൽ സ്ഥിതി ചെയ്യുന്ന ശക്തൻ തമ്പുരാന്റെ ജന്മഗൃഹമായ വലിയതമ്പുരാൻ കോവിലകം 04.03.2020 ലെ G.O.(Rt) No. 101/2020/CLAD ഉത്തരവു പ്രകാരം വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതിനെത്തുടർന്ന് കോവിലകവുമായി ബന്ധപ്പെട്ട് ഡോ. രാഘവൻ, ശ്രീമതി പൊന്നമ്മ രാഘവൻ എന്നിവർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 19497/2021 നമ്പരായ കേസിന്മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹിയറിംഗ് നടത്തുകയും തുടർന്ന്, 12.12.2024-ലെ സ.ഉ. (സാധാ) നം. 707/2024/ സിഎൽഎഡി നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ഡോ. രാഘവൻ, ശ്രീമതി പൊന്നമ്മ രാഘവൻ എന്നിവരുടെ ആവശ്യം (വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കിയ ഉത്തരവ് റദ്ദ് ചെയ്യുന്നത്) നിരസിച്ച്, കോടതിവിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മറ്റ തടസ്സങ്ങൾ ഇല്ല. |
| (ബി) | വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താമോ; വ്യക്തമാക്കാമോ? | (ബി) | അന്തിമ വിജ്ഞാപനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ